മിസ്റ്റർ എം. ശിവരാമമേനോൻ : (എ) കൊച്ചിൻ സ്റ്റേറ്റ് റെയിൽവെയുടെ അധീനത്തിലുള്ള പ്രദേശങ്ങളുടെമേൽ ക്രിമിനൽ അധികാരം ഇപ്പോൾ ബ്രിട്ടിഷ് അധീന ഗവമ്മെണ്ടിനാണ്.

(ബി) ആ അധികാരം കൊച്ചിക്ക് കൈമാറി കിട്ടേണ്ടകാര്യം പരിഗണിക്കുന്നുണ്ട്.

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: That was the situation at the time when the answer was given. But now it can be said further. That jurisdiction has been ceded to us; we are expecting the Notification on the matter.

RICE—IMPORT OF

209. മിസ്റ്റർ കെ. എ. രാഘവൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഗവമ്മേണ്ട് ഏതെല്ലാം പ്രോവിൻസുകളിൽനിന്നും രാജ്യങ്ങളിൽനിന്നുമാണ് അരി വാങ്ങുന്നത്;

(ബി) ഓരോ പ്രോവിൻസിൽനിന്നും വാങ്ങുന്നതിനു കൊച്ചിഗവമ്മേണ്ട് അവയ്ക്ക് ചാക്കൊന്നിനു കൊടുക്കേണ്ടിവന്നതും കൊടുക്കേണ്ടിവരുന്നതുമായ വിലനിരക്കെന്താണ്;

(സി) ഈ അരി ഓരോ പ്രോവിൻസിൽനിന്നും കൊച്ചിയിൽ എത്തുമ്പോൾ അതിനു ചാക്കൊന്നിനു കയറ്റിറക്കു മുതലായ കൂലിച്ചിലവ് എന്തുവരുന്നുണ്ട്;

(ഡി) കൊച്ചിയിൽനിന്നും എടുക്കുന്ന ഒരു ചാക്കരിക്ക് വേണ്ട നെല്ലിനു് ഇവിടത്തെ കർഷകർക്ക് എത്ര വില ഗവമ്മേണ്ട് കൊടുക്കുന്നുണ്ട്;

(ഇ) പഞ്ചാബിൽനിന്നും സിന്ധിൽനിന്നും ൧൯൫൨-ൽ ഒടുവിൽ വാങ്ങിയ അരി കേപ്പാട്ടുക്ക ചാക്കൊന്നിനു് എത്ര വിലയായിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) സിൻഡ്, പഞ്ചാബ്, പുറരാജ്യങ്ങൾ (ബർമ്മ, ബ്രസീൽ, ഇൻഡൊനേഷ്യ മുതലായവ).

(ബി) ൨½ ഇമ്പീരിയൽ മന്നുകൊള്ളുന്ന ചാക്കിനു്.—

സിൻഡ്.—ക. ൨൫—൦—൦ മുതൽ ക. ൩൭—൪—൦ വരെ.

പഞ്ചാബ്.—ക. ൨൨—൭—൦ മുതൽ ക. ൩൨—൭—൦ വരെ.

ഇന്ത്യക്കു പുറമുമയുള്ള രാജ്യങ്ങൾ.—ക. ൪൨—൫൩—൦.

(സി) ഇപ്പോഴത്തെ നിരക്ക്.

സിൻഡ്, പഞ്ചാബ്.—കപ്പൽക്കൂലി കമ്മിഷൻ മുതലായവ ക. ൨—൫൫—൦.

കപ്പലിൽനിന്നും മട്ടാഞ്ചേരി ഗുദാമിലേക്ക് ക. ൦—൨—൯.

പുറംരാജ്യങ്ങൾ.—കപ്പലിൽനിന്നും മട്ടാഞ്ചേരി ഗുദാമിലേക്ക് ക. ൦—൨—൯.

(ഡി) ഉദ്ദേശം ൨൫ ഉറുപ്പിക.

(ഇ) ൫൫൨-ൽ പഞ്ചാബിൽനിന്ന് ഇതുവരെ വാങ്ങിയ അരി രണ്ടു തവണയായിട്ടാണ്. അതിൽ രണ്ടാമത്തെ തവണ വാങ്ങിയ അരിയുടെ കണക്കുകൾ ലഭിച്ചിട്ടില്ല. ആദ്യത്തെ തവണ പഞ്ചാബിൽ നിന്നും വാങ്ങിയതിനു് ൨½ മന്നു് ചാക്കൊന്നിനു് ക. ൩൭—൫൦—൭ അവിടെ വില വന്നിട്ടുണ്ട്. സിൻറിൽനിന്നും വാങ്ങിയതിനു ൨½ മന്നു് (൨൦൫ lbs.) ചാക്കിനു ക. ൨൫—൯—൯ മുതൽ ക. ൨൯—൫൫—൯ അവിടെ വിലവന്നിട്ടുണ്ട്. ഒരു സംഗതികൂടി പറയാം. ൨½ ഇമ്പീരിയൽ മന്നു എന്നു പറയുമ്പോൾ ൨ ൦ ൫ റാത്തൽ ഉണ്ട്. നമ്മളുടെ ൭ പറ ചാക്കിനു ൯൩-ഓ, ൯൭-ഓ റാത്തൽ മാത്രമേ ഉണ്ടാകയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: നമുക്കു മദ്രാസ് പ്രവിശ്യയിൽനിന്നും അരി കിട്ടുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇപ്പോൾ അവിടെ നമ്മുടെ റൈസ് ആഫീസർമാരില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പുറമെനിന്നു മേടിക്കുന്ന അരി ഇവിടെ കൺട്രോൾ വിലക്കു കൊടുക്കുന്നതുകൊണ്ടു ഗവൺമെണ്ടിനു വളരെ നഷ്ടംവരുന്നുണ്ടെന്നു പറഞ്ഞല്ലൊ? ആ നഷ്ടം പരിഹരിക്കാൻ വല്ല തുകയും കൊള്ളിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാണു മാസത്തിൽ നൂലക്ഷം രൂപ സബ്സിഡി കൊടുക്കുന്നുണ്ടെന്നു പറഞ്ഞതു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അപ്പോൾ കൊല്ലത്തിൽ ഏഴു ലക്ഷം രൂപാ നഷ്ടം വരുന്നില്ലെ? അതിനു പുറമെ ലക്ഷം രൂപായെ ബഡ്ജറ്റിൽ കൊള്ളിച്ചുകാണുന്നുള്ളു. ബാക്കി തുകയുടെ കാര്യത്തിലെങ്ങിനെയാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഫുഡ് ബഡ്ജറ്റിൽ പെർമനൻറ് അഡ്വാൻസു് എന്ന ഒരിനമുണ്ടു്. അതു് Annual Budget-ൽ വരുകയില്ല. അതിൽനിന്നാണു് എടുക്കുന്നതു്.

മിസ്സിസ് കെ. എം. ജോർ. മേനോൻ: സയാമിൽനിന്നു് അരി വാങ്ങുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇവിടെനിന്നു് എടുക്കുന്ന ഒരു ചാക്കു് അരിക്കു് ഉദ്ദേശം ൬ രൂപാ വരുമെന്നു പറയുന്നുണ്ടു്. അതെത്ര പറയാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൫ പറ.

മിസ്റ്റർ പി. കെ. ഡീവർ: പുറമെനിന്നു വരുന്ന ഒരു ചാക്കു് ഉദ്ദേശം ൯ പറ എന്ന തോതിൽ കണക്കാക്കിയാൽ ഇവിടത്തെ ൫ പറയുള്ള ഒരു ചാക്കിനുള്ള വിലയേക്കാൾ കൂടുതൽ വിലവരുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലപ്പോൾ അതിലും കുറവായിട്ടും കിട്ടും. ഉദാഹരണത്തിനു സിൻഡിൽനിന്നും കിട്ടിയ ൯ പറയുള്ള ഒരു ചാക്കിനു് ൬ രൂപയെ വരുന്നുള്ളു്.

മിസ്റ്റർ വി. ജോർ. കൃഷ്ണനെഴുത്തശ്ശൻ: ഒരു കൊല്ലത്തിൽ അരിയുടെ ഇനത്തിൽ ഏഴു ലക്ഷം രൂപാ പോരാതെ വരുന്നുവെന്നും അതു പെർമനൻറ് അഡ്വാൻസ്സിൽനിന്നു കൊടുക്കുന്നു എന്നും പറഞ്ഞല്ലൊ. അതു് എങ്ങിനെയാണു് Budget-ൽ Adjust ചെയ്യുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് Adjust ചെയ്യുന്നതിനു ഫുഡ് ഡയറക്ടരുടെ തീരുമാനത്തിനു വിട്ടുകൊടുത്തിരിക്കുകയാണു്. അഡ്വാൻസ്സിൽനിന്നാണു് ആദ്യം കൊടുക്കുക. പിന്നീടു നഷ്ടം വരുന്ന സംഖ്യ ഓരോ കൊല്ലത്തിലെ ബഡ്ജറ്റിൽ ഓരോ തുക കൊള്ളിച്ചു് അങ്ങിനെ നാലഞ്ചുകൊല്ലംകൊണ്ടു് ഡെഫിസിറ്റ് സ്പ്രഡ് ഓവർ (Spread over) ചെയ്തു് ഇല്ലാതെയാക്കുവാനാണു് ഉദ്ദേശം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: പല സ്ഥലങ്ങളിൽനിന്നും മേടിക്കുന്ന അരി Pool price ചെയ്തു വില്ക്കുമ്പോൾ നമ്മുടെ ഗവൺമെണ്ടിനു ലാഭമില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊച്ചിക്കു ലാഭമില്ലെന്നതന്നെയല്ല നഷ്ടമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ബമ്മയിൽനിന്നു യുദ്ധത്തിനുശേഷം അരി കിട്ടുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അവിടെനിന്നും കിട്ടുന്ന അരി എങ്ങിനെയാണു്; ലാഭമൊ നഷ്ടമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുറമേയുള്ള രാജ്യങ്ങളിൽ എവിടെനിന്നായാലും ഓരോ ദിക്കിൽനിന്നു് ഓരോ വിലക്കു മേടിക്കും. എന്നിട്ടു് ഇൻഡ്യാ ഗവൺമെണ്ടു് അതിനു് Pool price നിശ്ചയിക്കും. ആ വിലയ്ക്കാണു നമ്മൾക്കു കിട്ടുന്നതു്.

മിസ്സിസ് ടി ഫ്രാൻസിസ്സ്: ബമ്മയിൽനിന്നു് പറയത്തക്കവിധത്തിൽ അരി വന്നുതുടങ്ങിയൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബമ്മയിൽനിന്നു അരി മേടിക്കുന്നതു് ഇന്ത്യാ ഗവൺമെണ്ടാണു്. കൊച്ചി ഗവൺമെണ്ടല്ല. ഇന്ത്യാ ഗവൺമെണ്ടിനു് കിട്ടുന്നതിൽനിന്നു കൊച്ചി ഗവൺമെണ്ടിനു് അലോട്ടു ചെയ്തിരിക്കുന്ന അരിയാണു നമ്മൾക്കു കിട്ടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly